III ഇ.ബി. XII-കേരള നിയമസഭ /V-12

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**<u>2007 ജൂലായ് 10, ചൊവ്വ</u>**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (*361, *362, &*363) സഭയിൽ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

## II.അടിയന്തിരപ്രമേയം

കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ ഉള്ള്യേരി റോഡിൽ സ്ഥിതി ചെയ്യുന്ന ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ഓഫീസ് ഏതാനും അക്രമികൾ കല്ലെറിഞ്ഞ് തകർത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണിയും മറ്റ് നാല് അംഗങ്ങളും നൽകിയ അടിയന്തിര പ്രമേയ നോട്ടീസിന് ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച്

സർവ്വശ്രീ ഉമ്മൻചാണ്ടി, സി.ടി. അഹമ്മദ് അലി, തോമസ് ചാഴികാടൻ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൻമാർ പ്രസ്താവനകൾ നടത്തി അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോവുകയും അൽപ്പ സമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരാകുകയും ചെയ്തു.

**III.ശ്രദ്ധക്ഷണിക്കൽ**

(1) ബഹുരാഷ്ട്ര കുത്തകകളുടെ വരവുമൂലം സംസ്ഥാനത്തെ പൊതുവിതരണരംഗത്ത് ഉണ്ടാകാവുന്ന ഗുരുതരമായ പ്രശ്നങ്ങളിലേക്ക് ശ്രീ. മാങ്കോട് രാധാകൃഷ്ണൻ ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മറുപടി നൽകി.

(2) കേരളത്തിലെ സർവ്വകലാശാലകളെ രാഷ്ട്രീയവൽക്കരിക്കാനുള്ള നടപടികൾമൂലം ഉളവായിട്ടുള്ള പ്രശ്നങ്ങളിലേക്ക് ശ്രീ. കെ. സുധാകരൻ ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിന് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

**IV. സബ്മിഷൻ**

(1) എയിഡഡ്/അൺ എയിഡഡ് സ്ക്കൂളുകൾ കൂടി പി. എസ്. സി. പരീക്ഷാകേന്ദ്രങ്ങളാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എം. കെ. പ്രേംനാഥ് ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(2) തൃശൂർ ജില്ലാ ആശുപത്രിയുടെ ശോചനീയാവസ്ഥ സംബന്ധിച്ച് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(3) നിലമ്പൂർ താലൂക്കാശുപത്രിയുടെ ശോച്യാവസ്ഥ സംബന്ധിച്ച് ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(4) തിരുവനന്തപുരം നഗരസഭയിലെ ജീവനക്കാരുടെ ദൗർലഭ്യം പരിഹരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. വി. ശിവൻകുട്ടി ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) P.W.D കടവുകൾ നിർത്തലാക്കുന്നതുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. ആനത്തലവട്ടം ആനന്ദൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(6) 'വൈരജാതൻ ചിട്ടി' കമ്പനി പൂട്ടിയതുമൂലം ഇടപാടുകാർ നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. കെ. കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(7) കോഴിക്കോട് ജില്ലയിലെ കാവിലുംപാറ, നരിപ്പറ്റ പഞ്ചായത്തുകളിലെ കാട്ടാനശല്യം സംബന്ധിച്ച് ശ്രീമതി കെ.കെ. ലതിക ഉന്നയിച്ച സബ്മിഷന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) നിരപരാധികൾ അറസ്റ്റ് ചെയ്യപ്പെടുന്നത് സംബന്ധിച്ച് ശ്രീ. എം. ഉമ്മർ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(9) പകർച്ചപ്പനി നിയന്ത്രണം കാര്യക്ഷമമാക്കേണ്ടത് സംബന്ധിച്ച് ശ്രീ. ജോസഫ് എം. പുതുശ്ശേരിയും പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയും

ശ്രീ. പി. സി. ജോർജും ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും മറുപടി നൽകി

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. വി. എൻ. വാസവനും ശ്രീ.തോമസ് ചാഴികാടനും നോട്ടീസ് നൽകിയിരുന്നു).

(10) അഭിഭാഷക ക്ഷേമനിധി വിഹിതം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീമതി പി. അയിഷാപോറ്റി ഉന്നയിച്ച സബ്മിഷന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(11) സ്ത്രീധനം നിരോധിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. സി.പി. മുഹമ്മദ് ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(12) കാലവർഷക്കെടുതി സംബന്ധിച്ച് ശ്രീ. എൻ. രാജൻ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(13) കൊടുങ്ങല്ലൂരിൽ ടി. എം. ഷാഫി ആക്രമിക്കപ്പെട്ടത് സംബന്ധിച്ച് ശ്രീ.എ. കെ. ചന്ദ്രൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(14) സംഭരിച്ച നെല്ലിന്റെ വില ലഭ്യമാക്കാത്തതുമൂലം കർഷകൻ ആത്മഹത്യ ചെയ്തത് സംബന്ധിച്ച് ശ്രീ. തോമസ് ചാഴികാടൻ ഉന്നയിച്ച സബ്മിഷന് ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മറുപടി നൽകി.

(15) അംഗൻവാടി വർക്കേഴ്സും ഹെൽപ്പേഴ്സും അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. എം. ചന്ദ്രൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

## V. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

പത്താം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2005 ഏപ്രിൽ 1 മുതൽ 2006 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

പബ്ളിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനാറ് മുതൽ ഇരുപത്തിയേഴു വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

ഹർജികൾ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI.റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VII. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

ബൗദ്ധിക സ്വത്തവകാശ നയത്തെ സംബന്ധിച്ച് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## VIII. ധനകാര്യം

2007-2008 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 51,11,11,000 രൂപയും തൊഴിലും തൊഴിലാളി ക്ഷേമവും എന്ന XXIV-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ 112,63,67,000 രൂപയും അനുവദിക്കണമെന്ന പ്രമേയം തൊഴിലും എക്സൈസും വകുപ്പുമന്ത്രിയും വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 19,32,11,000 രൂപയും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 102,44,09,000 രൂപയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 119,95,38,000 രൂപയും അനുവദിക്കണമെന്ന പ്രമേയം ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രിയും അവതരിപ്പിക്കുകയും പ്രമേയങ്ങളെ നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പിന്താങ്ങുകയും ചെയ്തു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

താഴെപ്പറയുന്ന അംഗങ്ങൾ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തു.

1. ശ്രീ. കെ. ശിവദാസൻ നായർ
2. ശ്രീ. സി. കെ. സദാശിവൻ
3. ശ്രീ. എം. ഉമ്മർ
4. ശ്രീ. എൻ. രാജൻ
5. ശ്രീ. ജോസഫ് എം. പുതുശ്ശേരി

6. ശ്രീ. എം. കെ. പ്രേംനാഥ്

7. ശ്രീ. വി. സുരേന്ദ്രൻപിള്ള

8. ശ്രീ. എം. ചന്ദ്രൻ

9. ശ്രീ. പി. സി. ജോർജ്

10. ശ്രീ. കെ. കെ. ഷാജു

11. ശ്രീ. ആർ. സെൽവരാജ്

12. ശ്രീ. പി. ടി. എ. റഹീം

13. ശ്രീ. എ. എ. അസീസ്

14. ശ്രീ. കെ. കെ. ദിവാകരൻ

15. ശ്രീ. വർക്കല കഹാർ

16. ശ്രീ. സി. എം. ദിനേശ് മണി

17. ശ്രീമതി ഇ. എസ്. ബിജി മോൾ

18. ശ്രീ. ആനത്തലവട്ടം ആനന്ദൻ

19. ശ്രീ. കെ. സി. വേണുഗോപാൽ

ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയ്ക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രിയും ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രിയും മറുപടി നൽകി.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്കും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്കും വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്കും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ

ധനാഭ്യർത്ഥനയ്ക്കും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്കും അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയും വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയും 32-നെതിരെ 79 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

2007 ജൂലായ് മാസം 11-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.51-ന് പിരിഞ്ഞു.